## പതിനഞ്ചാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## ബുള്ളറ്റിൻ ഭാഗം - II

## 2026 ഫെബ്രുവരി 21

നമ്പർ :709

2026 ഫെബ്രുവരി 27-ാം തീയതി താഴെ കൊടുത്തിരിക്കുന്ന അനൗദ്യോഗിക പ്രമേയങ്ങൾ ചർച്ചയ്ക്ക് വരുന്നതാണ്

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | പ്രമേയം |
|---|---|---|
| 1. | ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ<br><br>(2024 ജൂൺ 28-ാം തീയതി സഭയിൽ അവതരിപ്പിച്ചതും ചർച്ച പൂർത്തിയാകാത്തതുമായ പ്രമേയം) | <u>കേന്ദ്ര വന്യ ജീവി നിയമം കാലോചിതമായി പരിഷ്കരിക്കുക</u><br><br>സംസ്ഥാനം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും രൂക്ഷമായ ഒരു വിഷയമാണ് വന്യജീവി ആക്രമണവും മനുഷ്യ-വന്യജീവി സംഘർഷവും കേരള സംസ്ഥാനത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ ഏകദേശം മൂന്നിലൊന്നും വനമേഖലയാണ്. എന്നാൽ ഈ വനമേഖലയ്ക്കുള്ളിൽ ഉൾക്കൊള്ളാൻ കഴിയുന്നതിലും ഏറെ അധികരിച്ചിരിക്കുന്നു വന്യജീവികളുടെ എണ്ണപ്പെരുക്കം.1972-ലെ വന്യജീവി സംരക്ഷണ നിയമത്തിന്റെ പൂർണ്ണമായ പരിരക്ഷ ഉള്ളതിനാൽ വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനും വന്യ ജീവി ആക്രമണത്തിൽ നിന്ന് പ്രതിരോധം സൃഷ്ടിക്കുന്നതിനു പോലും ഇന്ന് ഒട്ടേറെ പരിമിതികൾ ഉണ്ട്. ഈ സാഹചര്യത്തിൽ 1972 - ലെ കേന്ദ്ര വന്യജീവി നിയമം ഭേദഗതി ചെയ്ത് വന്യജീവികളുടെ എണ്ണം നിയന്ത്രിക്കുകയും വന്യജീവി ഉപദ്രവങ്ങൾക്കു അറുതി വരുത്തുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്, ഇതിനായി വന്യജീവി നിയമത്തിന്റെ സംരക്ഷണ വ്യവസ്ഥകൾ വനത്തിനുള്ളിൽ മാത്രമാക്കി പരിമിതപ്പെടുത്തിക്കൊണ്ടും വനാതിർത്തിയിൽ നിന്നും പുറത്തിറക്കിങ്ങി മനുഷ്യജീവനും സ്വത്തിനും അപകടം വരുത്തുന്ന വന്യമൃഗങ്ങളെ വെടിവെച്ചു കൊല്ലാൻ ഏതൊരാൾക്കും അധികാരം ലഭ്യമാക്കുന്ന ഷൂട്ട് അറ്റ് സൈറ്റ് വ്യവസ്ഥയും , അതോടൊപ്പം വന്യജീവികളുടെ അമിതമായ എണ്ണപ്പെരുക്കം നിയന്ത്രിക്കുന്നതിന് നിർദ്ദിഷ്ട കാലയളവുകളിൽ Culling നടപ്പിലാക്കുക , അതേപോലെതന്നെ കൃത്രിമ ജനന നിയന്ത്രണ മാർഗ്ഗങ്ങൾ |

233/26

| | | |
|---|---|---|
| | | അവലംബിച്ച് ക്രമാതീതമായി വന്യമൃഗങ്ങൾ പെരുകുന്നത് തടയുന്നതിനും അടക്കമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി മനുഷ്യജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്താൻ 1972-ലെ കേന്ദ്ര വന്യജീവി സംരക്ഷണ നിയമം കാലോചിതമായി ഭേദഗതി ചെയ്ത് പരിഷ്കരിക്കുന്നതിന് സത്വര . നടപടികൾ സ്വീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു. |
| 2. | ശ്രീ. കെ . പ്രേംകുമാർ | <u>ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന ജാതി വിവേചനത്തിനെതിരെ യു.ജി.സി കൊണ്ടുവന്നിട്ടുള്ള ചട്ടത്തിലെ അപാകതകൾ പരിഹരിക്കുക.</u><br><br>രാജ്യത്തെ കാമ്പസുകളിൽ ജാതി വിവേചനം തടയാനെന്ന പേരിൽ യു.ജി.സി പുറത്തിറക്കിയ ചട്ടം സംബന്ധിച്ച് വിവിധ കോണുകളിൽ നിന്നും വ്യത്യസ്തമായ അഭിപ്രായങ്ങളും ആശങ്കകളും ഉയർന്നുവന്നിട്ടുണ്ട്. യു.ജി.സി അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ജാതി വിവേചനം പരിഹരിക്കുന്നതിനായി ഒരു ഇക്വിറ്റി കമ്മിറ്റി രൂപീകരിക്കണമെന്നാണ് റെഗുലേഷൻ പ്രധാനമായി നിർദ്ദേശിക്കുന്നത്. അത്തരമൊരു കമ്മിറ്റി രൂപീകരിക്കുന്നത് നല്ല നടപടിയാണെങ്കിലും അതിന്റെ തീരുമാനങ്ങൾ നടപ്പാക്കുന്നത് വളരെ സൂക്ഷ്മമായി നിരീക്ഷിക്കപ്പെടേണ്ടതുണ്ട്. ഈ നിയന്ത്രണങ്ങൾ ഭരണഘടനാപരവും ബഹു.സുപ്രീം കോടതിയുടെ നിരീക്ഷണങ്ങൾക്കുള്ള പ്രതികരണവുമായതിനാൽ അവ നടപ്പാക്കുന്നത് സ്വാഗതാർഹമാണ്. എന്നാൽ റെഗുലേഷൻ സർവ്വകലാശാലകളിലും അവയുടെ അനുബന്ധ കോളേജുകളിലും മാത്രമായി പരിമിതപ്പെട്ടു പോകുന്നത് ആശാസ്യമല്ല. അവ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഐ.ഐ.ടി , ഐ.ഐ.എം, എയിംസ് തുടങ്ങിയ മറ്റു സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കേണ്ടതാണ്. പ്രസ്തുത റെഗുലേഷനിൽ ജാതി വിവേചനത്തെ സമഗ്രമായി നിർവ്വചിച്ചിട്ടില്ല.വേണ്ടത്ര ജാഗ്രതയോ വിശാലമായ കാഴ്ചപ്പാടുകളോ ഇല്ലാത്തതിനാൽ ഭാവിയിൽ ഉണ്ടാകുന്ന ഭവിഷ്യത്തുകൾ ഗൗരവമായി കാണേണ്ടതുണ്ട്. വിദ്യാർത്ഥികളും ഫാക്കൽറ്റിയും അനധ്യാപക ജീവനക്കാരും നേരിടുന്ന എല്ലാത്തരം വിവേചനത്തെയും വ്യക്തമായി അംഗീകരിച്ച് കൃത്യമായി നിർവ്വചിക്കുകയും ശരിയായ തിരിച്ചറിവുകളോടെ നടപ്പാക്കുകയും ചെയ്താൽ മാത്രമേ പ്രസ്തുത ചട്ടക്കൂട് കൂടുതൽ സമഗ്രവും ശക്തവുമാവുകയുള്ളൂ. വിവേചനത്തെ നിയന്ത്രിക്കുന്നതിനായി നിയമിതമാകുന്ന ഇക്വിറ്റി കമ്മറ്റിയുടെ തലവൻ അതത് സ്ഥാപന മേധാവിയാവുന്നത് കമ്മറ്റിയെ അദ്ദേഹത്തിന്റെ ഇഷ്ടാനിഷ്ടങ്ങൾക്ക് വിട്ടുകൊടുക്കുന്നതിന് തുല്യമായിരിക്കും. അതിന് പകരം |

| | | |
|---|---|---|
| | | വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും അനദ്ധ്യാപക ജീവനക്കാരുടെയും തിരഞ്ഞെടുത്ത പ്രതിനിധികളെ ഉൾപ്പെടുത്തി കൂടുതൽ വിശ്വാസ്യതയും ഉത്തരവാദിത്വവും ഉറപ്പാക്കി ജനാധിപത്യപരമാക്കി മാറ്റാവുന്നതുമാണ്.<br><br>ഇക്വിറ്റി കമ്മറ്റിയുടെ തീരുമാനത്തിനെതിരായി സമർപ്പിക്കപ്പെടുന്ന അപ്പീലുകൾ പരിഗണിക്കുന്നതിന് ഒരു ഓംബുഡ്സ് പേഴ്സണെ നിയമിക്കുന്ന കാര്യം യു.ജി.സി ഏറ്റെടുക്കുന്നതിന് പകരം, സംസ്ഥാന നിയമനിർമ്മാണ സഭയുടെ നിയമനിർമ്മാണ പ്രകാരമാണ് ഗണ്യമായ എണ്ണം സർവ്വകലാശാലകളും സ്ഥാപിക്കപ്പെടുന്നത് എന്നതിനാൽ ഫെഡറൽ തത്വം പാലിച്ചുകൊണ്ട് ഒരു ഓംബുഡ്സ് പേഴ്സണെ നിയമിക്കാനുള്ള അധികാരം അതാത് സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കുകയാണ് വേണ്ടത്. രാജ്യത്തെ മതേതരത്വവും ജനാധിപത്യവും സമത്വവും സംരക്ഷിക്കുന്നതിന് ഉതകുന്ന പാഠ്യപദ്ധതികൾക്ക് പകരം അശാസ്ത്രീയവും അറുപിന്തിരിപ്പനും വർഗ്ഗ-വർണാധിഷ്ഠിതവും ആയ പാഠ്യപദ്ധതികൾ ആവിഷ്കരിക്കുന്നതിലും, അടിച്ചമർത്തലും ചൂഷണവും സമഗ്രാധിപത്യവും നിറഞ്ഞ വിഷലിപ്തമായ കലാലയാന്തരീക്ഷത്തെ മാറ്റിത്തീർക്കുന്നതുമായ സവിശേഷ സാഹചര്യത്തിൽ യാതൊരു വിധ വേർതിരിവുകളും കൂടാതെ സൗഹാർദ്ദത്തിന്റെയും സർഗ്ഗാത്മകതയുടെയും സമത്വത്തിന്റെയും വിശാലമായ ഇടമായി കലാലയ അന്തരീക്ഷത്തെ മാറ്റി തീർക്കുന്നതിന് ഉതകുന്ന തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് കേന്ദ്ര സർക്കാരിനോട് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു. |
| 3. | ശ്രീ. റോജി എം. ജോൺ | <u>വിലക്കയറ്റം തടയാൻ നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച്.</u><br><br>രാജ്യത്ത് ഏറ്റവും അധികം വിലക്കയറ്റമുള്ള സംസ്ഥാനങ്ങളിൽ ഒന്നായി കേരളം മാറിയിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. സംസ്ഥാനത്ത് അരി, പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ, വെളിച്ചെണ്ണ, നാളികേരം തുടങ്ങിയ മുഴുവൻ നിത്യോപയോഗ സാധനങ്ങൾക്കും പൊതുവിപണിയിൽ അനിയന്ത്രിതമായ വിലക്കയറ്റമാണ് ഉണ്ടായിരിക്കുന്നത്. ഇത് സാധാരണക്കാരുടെയും ദരിദ്ര വിഭാഗങ്ങളുടെയും കുടുംബ ബജറ്റിനെ വളരെയധികം ദോഷകരമായി ബാധിച്ചിരിക്കുന്നു. അതിരൂക്ഷമായ വിലക്കയറ്റം മൂലം നിത്യനിദാന ചെലവുകൾ നിറവേറ്റുവാൻ സാധിക്കാതെ ഗ്രാമീണ മേഖലയിൽ ഉൾപ്പെടെയുള്ള ജനങ്ങൾ കടുത്ത പ്രതിസന്ധിയിലാണ്. മത്സ്യലഭ്യത കുറവും കടൽക്ഷോഭവും മൂലം ബുദ്ധിമുട്ടുന്ന തീരദേശ ജനതയ്ക്ക് വിലക്കയറ്റം സമാനതകളില്ലാത്ത ദുരിതമായി |

233/26

| | | |
|---|---|---|
| | | മാറിയിരിക്കുന്നു.<br><br>സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയുടെ നട്ടെല്ലായ സപ്ലൈകോ ഔട്ട്ലെറ്റുകളിൽ സബ്സിഡി സാധനങ്ങളുടെ അഭാവം നേരിടുന്നു. വിപണി ഇടപെടലിനായി സപ്ലൈകോയ്ക്ക് നൽകേണ്ട കുടിശ്ശിക നൽകുവാൻ സർക്കാർ തയ്യാറാകാത്തത് പ്രതിസന്ധി രൂക്ഷമാക്കിയിരിക്കുന്നു. സപ്ലൈകോയുടെ കുടിശ്ശിക തീർത്തു കൊണ്ടു ഫലപ്രദമായ വിപണി ഇടപെടലിനു സാഹചര്യം ഒരുക്കേണ്ടത് അനിവാര്യമാണ്. ഹോർട്ടികോർപ്പ് വഴി നേരിട്ടുള്ള സംഭരണവും വിതരണവും കാര്യക്ഷമമാക്കാത്തതിനാൽ അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള പച്ചക്കറി വരവിനെ മാത്രം ആശ്രയിക്കുന്നതും വൻതോതിൽ വിലക്കയറ്റത്തിന് കാരണമാകുന്നു. വിലക്കയറ്റത്തിന്റെ മറവിൽ വിപണിയിൽ നടക്കുന്ന കൃത്രിമമായ പൂഴ്ത്തിവെപ്പും കരിഞ്ചന്തയും തടയുന്നതിനും സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല എന്നത് ഖേദകരമാണ്. വിപണി ഇടപെടലിനായി പര്യാപ്തമായ തുക ബജറ്റിൽ വകയിരുത്തുകയും ആയത് സമയബന്ധിതമായി സപ്ലൈകോയ്ക്ക് കൈമാറുകയും ചെയ്യുക; നിശ്ചിത ഇനം അവശ്യസാധനങ്ങൾ സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴി മുടങ്ങാതെ ലഭ്യമാക്കുക; വില നിയന്ത്രണ സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിപ്പിക്കുക തുടങ്ങിയ അടിയന്തര നടപടികൾ അനിവാര്യമായ സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ,സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുവരുന്ന നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സാധാരണക്കാരുടെ ജീവിതം ദുരിതപൂർണ്ണമാക്കിയിരിക്കുന്ന സാഹചര്യത്തിൽ, വിപണിയിൽ ഫലപ്രദമായി ഇടപെടാനും വിലക്കയറ്റം നിയന്ത്രിക്കാനും സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ സഭ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നു. |
| 4. | ശ്രീ. ഡി . കെ മുരളി | <u>ഇന്ത്യാ - യു.എസ്, ഇന്ത്യാ - ഇ.യു വ്യാപാര കരാറുകൾ രാജ്യത്തെ കാർഷിക - വ്യാവസായിക മേഖലയിലുണ്ടാക്കുന്ന തിരിച്ചടികൾ :</u><br><br>രാജ്യത്ത് കാർഷികോത്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തതും വിളകളുടെയും കർഷകരുടെയും സംരക്ഷണവും തൊഴിലാളികൾക്ക് കൂലിയും ഉറപ്പുവരുത്തുന്നതിൽ കേന്ദ്ര സർക്കാരുകൾ തുടർച്ചയായി പരാജയപ്പെടുന്ന സാഹചര്യത്തിൽ കർഷകരും തൊഴിലാളികളും രാജ്യവ്യാപകമായി തന്നെ സമര രംഗത്ത് അണിനിരന്നിരിക്കുന്ന ഘട്ടത്തിലാണ് ഇന്ത്യാ - യു.എസ്, ഇന്ത്യാ - ഇ.യു വ്യാപാര കരാറുകൾ നിലവിൽ വന്നിരിക്കുന്നത്.<br><br>രാജ്യത്തിന്റെ കാർഷിക സംസ്കാരം പണയപ്പെടുത്തി |

| | | |
|---|---|---|
| | | അമേരിക്കൻ ബഹുരാഷ്ട്ര കുത്തകകൾക്ക് ലാഭം കൊയ്യാനാണ് കേന്ദ്ര സർക്കാർ കാർഷിക മേഖലയിൽ ഇന്ത്യ – യു. എസ്. കരാർ അടിച്ചേൽപ്പിക്കുന്നത്.<br><br>രണ്ടാം യു.പി.എ. സർക്കാരിന്റെ ആസിയാൻ കരാർ കർഷകരെയും കർഷക തൊഴിലാളികളെയും ആത്മഹത്യയിലേക്കും ജനങ്ങളെയാകെ പട്ടിണിയിലേക്കും തള്ളിവിടുന്നതായിരുന്നു. അതിന്റെ തുടർച്ചയായി വേണം ഇന്ത്യ – യു. എസ്. കരാറിനെയും വിലയിരുത്തേണ്ടത്. മുൻ സർക്കാരുകളുടെ രാജ്യാന്തര കരാറുകളുടെയും നയവൈകല്യങ്ങളുടെയും പരിണിതഫലം രാജ്യത്തെ ഭൂരിപക്ഷം ജനങ്ങളും നേരിടുന്ന സാഹചര്യത്തിലാണ് ഇന്ത്യയുടെ താൽപര്യങ്ങളെയാകെ യൂറോപ്യൻ യൂണിയന് പണയപ്പെടുത്തുന്നതിന് ഇന്ത്യ - ഇ.യു കരാറിനായി രംഗത്ത് വന്നിട്ടുള്ളത്. ഇതിലൂടെ യൂറോപ്യൻ യൂണിയനിൽ നിന്ന് അനിയന്ത്രിതമായി ഇറക്കുമതി ചെയ്യുന്ന ഉത്പന്നങ്ങളുടെ തീരുവ 90% ഒഴിവാക്കുകയോ, ഗണ്യമായി കുറച്ചു കൊടുക്കുകയോ വേണം. തീരുവ വെട്ടിക്കുറക്കുന്നത് ഇവിടുത്തെ തൊഴിലാളികളുടെയും കർഷകരുടെയും സാധാരണക്കാരുടെയും ജീവിതോപാധിയെ അത്യന്തം ദോഷകരമായി ബാധിക്കുമെന്നതിൽ തർക്കമില്ല. എന്ന് മാത്രമല്ല ഇന്ത്യയുടെ വ്യവസായത്തെയും മോട്ടോർനിർമ്മാണ മേഖലയെയും മത്സ്യോത്പാദനത്തെയും ഔഷധ മേഖലയെയും യന്ത്ര വ്യവസായത്തെയും അടക്കം ഗുരുതരമായി ബാധിക്കാനിടയുണ്ട്. തീരുവ വെട്ടിക്കുറയ്ക്കുന്നത് രാജ്യത്തെ സമ്പന്ന വിഭാഗങ്ങൾക്ക് ഗുണകരമാവുമെങ്കിലും സാധാരണ ജനങ്ങൾക്ക് ദോഷകരമായാണ് ബാധിക്കുക. തൊഴിലാളികളുടെയും കർഷകരുടെയും സാധാരണക്കാരുടെയും എല്ലാ താൽപര്യങ്ങളെയും പൂർണ്ണമായും ബലിയർപ്പിക്കുന്ന നയങ്ങളാണ് കേന്ദ്ര സർക്കാർ തുടർന്ന് വരുന്നത്. അതിനിടയിലാണ് ഇന്ത്യ - യു. എസ്., ഇന്ത്യാ - ഇ.യു. വ്യാപാര കരാറുകളിൽ ഒപ്പുവച്ചിരിക്കുന്നത്.<br><br>കേന്ദ്ര സർക്കാർ ഒപ്പുവെച്ച എല്ലാ ജനവിരുദ്ധ സ്വതന്ത്ര വ്യാപാര കരാറുകൾ റദ്ദാക്കുകയും കർഷകരുടെയും ജനങ്ങളുടെയും താൽപര്യങ്ങൾ സംരക്ഷിക്കുകയും ചെയ്യണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു. |

ഷാജി. സി. ബേബി,

സെക്രട്ടറി-ഇൻ-ചാർജ്